# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സുരേന്ദ്രകുമാർ ഐ.എഫ്.എസ്.**

വിഷയം: വനം വകുപ്പ് - ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവം, 2019-20 - ശബരിമല സന്നിധാനത്തും പമ്പയിലും വനം വകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിക്കാനുള്ള അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഭേദഗതി ഉത്തരവ് - സംബന്ധിച്ച്.

സൂചന:-
1. 26.10.19-ലെ ഇതേ നമ്പർ ഉത്തരവ്.
2. 12.11.2019-ലെ ഇതേ നമ്പർ ഉത്തരവ്.
3. 13.11.2019-ലെ ഇതേ നമ്പർ ഉത്തരവ്.

## നടപടി ഉത്തരവ് നമ്പർ ഡി2-5715/2019, തീയതി : 10 .12.2019

ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് സന്നിധാനത്തും പമ്പയിലും വനംവകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിക്കുകയും സൂചന ഉത്തരവുകൾ പ്രകാരം ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിരുന്നു. 01.01.2020 മുതൽ 10.01.2020 വരെ പമ്പ കൺട്രോൾ റൂമിന്റെ ചുമതലയിൽ നിയോഗിച്ചിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.സുരേഷ് ബാബുവിന് ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് കൊല്ലം കളക്ടർ, അച്ചൻകോവിൽ ഇടത്താവളത്തിന്റെ ഏകോപന ചുമതല നൽകിയിട്ടുണ്ട്. അതിനാൽ ശ്രീ.പി.സുരേഷ് ബാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ശബരിമല കൺട്രോൾ റൂം ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന് അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

15.12.2019 മുതൽ 31.12.2019 വരെ കൺട്രോൾ റൂമിന്റെ ചുമതലയിൽ നിയോഗിച്ചിരുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.രാജീവനെ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി സ്ഥലംമാറ്റി നിയമിച്ചു. ടെറിട്ടോറിയൽ ഡിവിഷനിൽ ധാരാളം പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ ഉള്ളതിനാൽ ശ്രീ.എം.രാജീവൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ കൺട്രോൾ റൂം ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കണമെന്ന് ടിയാനും അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭരണപരമായ സൗകര്യാർത്ഥം 15.12.2019 മുതൽ 31.12.2019 വരെ ശബരിമല ഡ്യൂട്ടിക്കായി ശ്രീ.എം.രാജീവൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പകരം / കോട്ടയം എസ്.ഐ.പി. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.പി.സഞ്ജയനെയും 01.01.2020 മുതൽ 10.01.2020 വരെ പമ്പ കൺട്രോൾ റൂമിന്റെ ഡ്യൂട്ടിയ്ക്ക് ശ്രീ.പി.സുരേഷ് ബാബുവിന് പകരം കാനയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി.രാജേഷിനെയും നിയോഗിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്‌ലൈഫ്)&
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ**

പകർപ്പ്: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിനായി.

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും /ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയത്തിന് അറിവിനും അനന്തര നടപടികൾക്കുമായി.

ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട് ടൈഗർ) പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ്/ഈസ്റ്റ് ഡിവിഷനുകൾ.

അഡീഷണൽ ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), തേക്കടി.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി., കോട്ടയം.

വ്യക്തികൾക്കും അവരുടെ നിയന്ത്രണാധികാരികൾക്കും.